"ഭരണഭാഷ – മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ്-സർക്കാർ വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്നതിനു കമ്പ്യൂട്ടറൈസ്ഡ് ബില്ലുകൾ നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (വ്യയം-എ) വകുപ്പ്

**സ.ഉ.(കൈ) നം.69/2025/ധന.** **തീയതി, തിരുവനന്തപുരം, 04.06.2025**

## ഉത്തരവ്

സർക്കാർ വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കുന്നതിനു നിലവിൽ കമ്പ്യൂട്ടർ ബില്ലുകളും എഴുതി തയ്യാറാക്കിയ ബില്ലുകളും സമർപ്പിച്ച് വരുന്നുണ്ട്. Fuel outlet-കളിൽ നിന്നും എഴുതി നൽകുന്ന ബില്ലുകളുടെ വിശ്വാസ്യത ഉറപ്പാക്കാൻ കഴിയാത്തതിനാലും ഇതു സംബന്ധിച്ച ക്രമക്കേടുകൾ ഉണ്ടാകാനുള്ള സാധ്യത ഇല്ലാതാക്കുന്നതിനും ഇന്ധനം നിറയ്ക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. Fuel outlet-ൽ നിന്നും ലഭിക്കുന്ന എഴുതി തയ്യാറാക്കിയ ബില്ലുകൾ ഇനി മുതൽ സ്വീകരിക്കുന്നതല്ല.
2. വാഹന നമ്പർ രേഖപ്പെടുത്തിയിട്ടുള്ള കമ്പ്യൂട്ടറൈസ്ഡ് ബില്ലുകൾ മാത്രമേ ഇന്ധന തുക അനുവദിക്കുന്നതിനു വേണ്ടി സ്വീകരിക്കുകയുള്ളൂ.
3. ഓരോ വാഹനത്തിനും പ്രസ്തുത ഓഫീസ് സ്ഥിതി ചെയ്യുന്ന ഓഫീസിന്റെ 5 കിലോ മീറ്റർ പരിധിയിലുള്ള Civil Supplies Corporation-ന്റെയോ Consumerfed-ന്റെയോ ഉടമസ്ഥതയിലുള്ള വാഹന നമ്പർ രേഖപ്പെടുത്തിയ കമ്പ്യൂട്ടർ ബില്ലിംഗ് സംവിധാനമുള്ള Fuel outlet-ൽ നിന്നും indent നൽകി ഇന്ധനം നിറയ്ക്കേണ്ടതാണ്. Civil Supplies Corporation-ന്റെയോ Consumerfed ന്റെയോ ഉടമസ്ഥതയിലുള്ള Fuel outlet നിലവിലില്ല എങ്കിൽ indent അടിസ്ഥാനത്തിൽ വാഹന നമ്പർ രേഖപ്പെടുത്തിയ computer billing സംവിധാനമുള്ള സ്വകാര്യ Fuel outlet-ൽ നിന്നും ഉടമയുമായി കരാർ ഉണ്ടാക്കി ഇന്ധനം നിറയ്ക്കാവുന്നതാണ്. ഇന്ധന ചെലവിനുള്ള തുക ഓഫീസ് മേധാവി നേരിട്ട് DBT പ്രകാരം Fuel outlet ഉടമയ്ക്ക് നൽകേണ്ടതാണ്. ഓരോ വാഹനത്തിനും പ്രത്യേക ട്രഷറി ബില്ലുകൾ/ചെക്കുകൾ പ്രകാരം ആയിരിക്കണം തുക അനുവദിക്കേണ്ടത്.

4. ഓഫീസ് പരിധിയിൽ നിന്നും 50 കിലോമീറ്റർ-നു മുകളിലുള്ള യാത്രകൾക്ക് 50 കിലോമീറ്റർ പരിധിയ്ക്ക് പുറത്തുള്ള മറ്റ് Fuel outlet-കളിൽ നിന്നും ഇന്ധനം നിറയ്ക്കുന്നതിനുള്ള അനുവാദം നൽകാവുന്നതാണ്. ഇത്തരം സാഹചര്യങ്ങളിൽ വാഹന നമ്പർ രേഖപ്പെടുത്തിയ കമ്പ്യൂട്ടർ ബില്ലിംഗ് സംവിധാനമുള്ള Fuel outlet-ൽ നിന്ന് മാത്രമേ ഇന്ധനം നിറയ്ക്കാൻ പാടുള്ളൂ. പ്രസ്തുത തുക ഡ്രൈവർമാർക്ക് പ്രതിപൂരണം ചെയ്ത് നൽകാവുന്നതാണ്.
5. എല്ലാ ഓഫീസ് മേലധികാരികളും എല്ലാ മാസവും ലോഗ് ബുക്ക് പരിശോധിച്ച് മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നു എന്ന് സാക്ഷ്യപ്പെടുത്തി പ്രസ്തുത സാക്ഷ്യ പത്രം ലോഗ് ബുക്കിൽ സൂക്ഷിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ. ആർ. ജ്യോതിലാൽ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:
1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് II) കേരളം, തിരുവനന്തപുരം.
3. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
4. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറിമാർ
5. എല്ലാ വകുപ്പ് മേധാവികൾക്കും
6. ബഹു. മുഖ്യമന്ത്രിയുടെയും മറ്റ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
7. ബഹു.സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
8. പ്രതിപക്ഷ നേതാവിന്റെയും ഗവ.ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. ബഹു. ഗവർണ്ണറുടെ സെക്രട്ടറി
11. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
12. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
13. നോഡൽ ഓഫീസർ, www.finance.kerala.gov.in
14. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
15. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
16. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(E-2612264)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ